DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

20.03.2019

# കാർഷികമേഖലാവാർത്തകൾ

## പച്ചക്കറി വിത്ത് വിതരണം

തിരുവനന്തപുരം നഗരസഭാ കൃഷിഭവനിൽ പച്ചക്കറി വിത്ത് സൗജന്യ നിരക്കിൽ ലഭ്യമാണ്. റസിഡൻഷ്യൽ അസോസിയേഷൻ, കുടുംബശ്രീ, ക്ലബുകൾ, അയൽക്കൂട്ടങ്ങൾ, സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങി കൃഷിഭവൻ പരിധിയിലെ എല്ലാവർക്കും വിത്ത് ലഭിക്കും. സംഘടനകൾക്ക് വിത്ത് ലഭിക്കാൻ ഭാരവാഹികൾ അവരുടെ ലെറ്റർ ഹെഡിൽ അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് 9496197435.

## അറിയിപ്പ്

തിരുവനന്തപുരം നെല്ലനാട് മൃഗാശുപത്രി വഴി 45 മുതൽ 60 ദിവസം പ്രായമുള്ള അത്യുല്പാദന ശേഷിയുള്ള മുട്ടക്കോഴി കുഞ്ഞുങ്ങൾ ഒന്നിന് 100 രൂപ നിരക്കിൽ 21.03.2019 വ്യാഴാഴ്ച, രാവിലെ 9 മണിയ്ക്ക് വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. അധിക വിവരങ്ങൾക്ക് 9447110978.

## അറിയിപ്പ്

പെരിങ്ങമ്മല ബനാന നഴ്സറിയിൽ മൂന്നുമാസം പ്രായമുള്ള വിഗോവ താറാവ് വിൽപനയ്ക്ക് തയ്യാറാണെന്ന് പെരിങ്ങമ്മല ബനാന നഴ്സറിയിലെ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9495629838, 9744785843 എന്നീ നമ്പരിൽ ബന്ധപ്പെടുക.

## സൂര്യാഘാത, സൂര്യതാപ മുന്നറിയിപ്പ്

കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച കാലാവസ്ഥാ വിശകലനത്തിൽ എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഉയർന്ന താപനില ശരാശരിയിൽ നിന്നും 2 മുതൽ 3 ഡിഗ്രി വരെ ഉയരുവാൻ സാധ്യതയുണ്ട്. സൂര്യാഘാതം ഒഴിവാക്കുവാനായി പൊതുജനങ്ങൾക്കായി ചുവടെ ചേർക്കുന്ന നടപടികൾ നിർദ്ദേശിക്കുന്നു. പൊതുജനങ്ങൾ, പ്രത്യേകിച്ച് രോഗങ്ങൾ ഉള്ളവർ രാവിലെ 11 മുതൽ 3 മണിവരെ സൂര്യപ്രകാശം ഏൽക്കുന്നതിൽ നിന്നും ഒഴിവാകണം. നിർജ്ജലീകരണം തടയാൻ കുടിവെള്ളം എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കയ്യിൽ കരുതുക. പരമാവധി ശുദ്ധജലം കുടിക്കുക, കാപ്പി, ചായ എന്നീ പാനീയങ്ങൾ പകൽ സമയത്ത് ഒഴിവാക്കുക. അയഞ്ഞ ലൈറ്റ് കളർ വസ്ത്രങ്ങൾ, പരുത്തി വസ്ത്രങ്ങൾ ധരിക്കുക. വിദ്യാർത്ഥികളുടെ പരീക്ഷാക്കാലമായതിനാൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. താപനില ക്രമാതീതമായി ഉയരുന്നതിനാൽ തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കാനുള്ള സാധ്യത മുൻനിർത്തി തൊഴിൽ സമയം പുനക്രമീകരിച്ച്

ലേബർ കമ്മീഷണർ ഉത്തരവിട്ടിട്ടുണ്ട്. തൊഴിൽദാദാക്കൾ ഈ നിർദ്ദേശം പാലിക്കുക. തുടർന്നുള്ള ദിവസങ്ങളിലും ചൂട് ശരാശരിയിൽ നിന്നും ഉയർന്ന നിലയിൽ തുടരുവാനാണ് സാധ്യത എന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്.

## അറിയിപ്പ്

കർഷകർക്കുള്ള വിളപരിപാലന നിർദ്ദേശങ്ങൾ ഇനി പറയുന്നു. കുരുമുളക് വേരു പിടിപ്പിക്കുന്നതിനായി ചുറ്റി വച്ച കൊടിത്തലകൾ മുറിച്ചെടുത്ത് രണ്ടോ മൂന്നോ മുട്ടുകളുള്ള കഷണങ്ങളാക്കിയതിനുശേഷം വേരുപിടിപ്പിക്കാൻ നടാം. ചെന്തലകളുടെ നടുഭാഗമാണ് നടാൻ ഉപയോഗിക്കേണ്ടത്. പോട്ടിങ് മിശ്രിതത്തിൽ ട്രൈക്കോഡെർമ്മ, മൈക്കോറൈസ മുതലായ ജീവാണുക്കളുടെ കൾച്ചർ ചേർക്കുന്നത് തൈകൾ അഴുകി നശിക്കുന്നത് തടയും. പന്നിയൂർ 1,2,3,4,5,6,7 ശുഭകര, ശ്രീകര, കരിമുണ്ട, പഞ്ചമി, പൗർണമി, കൊറ്റനാടൻ, കുതിരവാലി, ബാലൻകൊട്ട, കല്ലുവള്ളി എന്നിവ കൂടുതൽ ഉൽപാദനം നൽകുന്ന ഇനങ്ങളാണ്. പന്നിയൂർ 6 തണലിലും തുറസ്സായ സ്ഥലത്തും വളരുന്ന ഇനമാണ്. തിരികൾക്ക് നീളക്കൂടുതൽ ഉള്ള ഇനമാണ് പന്നിയൂർ 7. ഈ രണ്ടിനങ്ങളും എല്ലാ വർഷവും നന്നായി കായ്ക്കുകയും ചെയ്യുന്നതാണ്.